# ജിന്ന്

## ആശയക്കുഴപ്പം തന്നെ, പക്ഷേ...?

### (വിമർശനങ്ങൾക്ക് മറുപടി)

എ. എ. ഹമീദ്, കൊച്ചി

സൽസബീൽ, 1994 ജൂലായ് 20

**മനുഷ്യജീവിതത്തിൽ പിശാച് വ്യവഹരിക്കുന്നതുമായി ബന്ധപ്പെട്ട് ഡോ. എം. ഉസ്മാൻ സാഹിബ് രചിച്ച ഒരു പ്രബന്ധവും (മുഖ്യശത്രു എന്ന പേരിൽ യുവത വിറ്റഴിച്ചുകൊണ്ടിരിക്കുന്ന പുസ്തകമാണത്) തുടർന്നുള്ള ഒരു ലേഖനവും അതിനെയെല്ലാം ഖണ്ഡിച്ചുകൊണ്ടുള്ള പ്രതികരണങ്ങളും സൽസബീൽ വ്യത്യസ്ത ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചിരുന്നു. ഇന്ന് വ്യതിയാന കക്ഷികളായി പിരിഞ്ഞുപോയ മടവൂർ വിഭാഗത്തിലെ സുഹൃത്തുക്കൾ പറയുന്ന അതേ വാദങ്ങളാണ് പ്രസ്തുത വിമർശനങ്ങളിലുള്ളത്. അതിന് സൽസബീൽ നല്കിയ മറ്റൊരു മറുപടിയാണ് പഠിതാക്കൾക്ക് ഉപകാരപ്പെടും എന്ന പ്രതീക്ഷയോടെ ഇവിടെ പുനഃപ്രസിദ്ധീകരിക്കുന്നത്...**

ഡോക്ടർ ഉസ്മാൻ സാഹിബിനെ വിമർശിക്കുന്ന അബ്ദുസ്സമീഹിന്റെ ലേഖനത്തിന് ഒരു പ്രതികരണം എഴുതാൻ ഉമർ മൗലവി സാഹിബ് എന്നോട് ആവശ്യപ്പെട്ടു.

ഒരു കൊച്ചു മുഖവുര ഇതിന്നാവശ്യമാണ്. 1971-ൽ സൽസബീൽ ത്രൈമാസികയായി ആരംഭിച്ചപ്പോൾ 2, 3, 4 ലക്കങ്ങളിലായി മനുഷ്യന്റെ ജീവിത വ്യവഹാരങ്ങളിൽ പൈശാചിക കുതന്ത്രങ്ങൾ എങ്ങനെ പ്രതിഫലിക്കുന്നുവെന്ന് വിശദീകരിച്ചുകൊണ്ട് ഡോ: ഉസ്മാൻ സാഹിബ് എഴുതുകയുണ്ടായിട്ടുണ്ട്. അത് സാമാന്യം ദീർഘമായ ഒരു പ്രബന്ധമായിരുന്നു. പണ്ഡിതൻമാർ പ്രത്യേക വിഷയമായെടുത്ത് വിശകലനം ചെയ്യാൻ അറച്ചു നിന്ന ഈ കാര്യം ഡോക്ടറുടെ പ്രഗത്ഭമായ തൂലിക സമർത്ഥമായി അവതരിപ്പിച്ചു. തികച്ചും ഒരു ഗവേഷണപരമായ ഒരു വിഷയം. എന്നെപ്പോലെയുള്ള വിജ്ഞാന വിദ്യാർത്ഥികൾക്ക് അന്നത് വിഭവസമൃദ്ധമായ ഒരു സദ്യയായി.

ഇരുപത് വർഷങ്ങൾക്ക് ശേഷം '92 ഡിസംബറിൽ നടന്ന മുജാഹിദ് സമ്മേളനത്തിൽ 'സൽസബീൽ സ്പെഷ്യൽ' ഇറക്കിയപ്പോൾ ഈ പ്രബന്ധം മുഴുവനായി പ്രസിദ്ധീകരിച്ചു. പുതിയ തലമുറയ്ക്കുള്ള പഠനമാണ് ഇതുമൂലം ഉദ്ദേശിച്ചത്. ഒട്ടേറെ വിജ്ഞാന ദാഹികൾ അത് പഠിക്കുകയും നല്ല പ്രതികരണങ്ങൾ അറിയിക്കുകയും ചെയ്തതായി അറിയാം. ആ കൂട്ടത്തിൽ ചിന്താർഹമായ ഒരു ചോദ്യം ഉന്നയിച്ചുകൊണ്ടാണ് അബ്ദുസ്സമീഹ് പ്രതികരിച്ചത്. കൂടുതൽ പഠനത്തിനും ചർച്ചയ്ക്കും ഉതകുമെന്ന പ്രതീക്ഷയിലായിരിക്കും ഡോക്ടറുടെ മറുപടിസഹിതം ജനുവരി ലക്കത്തിൽ അത് പ്രസിദ്ധീകരിച്ചത്.


സൽസബീൽ (മാസിക)

1994 ഏപ്രിൽ

ഒരാശംസ

ഡോ: ജമീല മൻസൂർ M. D.
പള്ളുരുത്തി, കൊച്ചി-6

ബഹുമാനപ്പെട്ട ഉമർ മൗലവി സാഹിബ്

അസ്സലാമു അലൈക്കും.

അല്ലാഹുവിൻെറ അനുഗ്രഹത്താൽ സുഖമെന്ന് വിശ്വസിക്കുന്നു. അതിനായി പ്രാർത്ഥിക്കുന്നു.

'സൽസബീൽ' കൃത്യമായി കിട്ടുന്നു. ഡോ: ഉസ്മാൻ സാഹിബിൻെറ 'ബോധമനസ്സും ഉപബോധമനസ്സും' ഇരുത്തി ചിന്തിപ്പിച്ചു. ഡോക്ടറുടെ നിഗമനങ്ങളോട് പൂർണ്ണമായും യോജിക്കാൻ എനിക്ക് സാധിച്ചു. തുടർന്നും അങ്ങനെയുള്ള, മനുഷ്യമനസ്സിൻെറ ആഴത്തിൽ നന്മയുടെ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു കാണാൻ ആഗ്രഹിക്കുന്നു.

"വളരെയേറെ പഠനാർഹമായ ഡോക്ടറുടെ ലേഖനം പല പുതിയ ചിന്തകളും വിജ്ഞാനവും നൽകുന്നു" എന്ന് ചോദ്യാരംഭത്തിൽ ലേഖകൻ പ്രശംസിച്ചിരുന്നു. പക്ഷെ, 'ഖരീൻ' എന്ന് ഖുർആൻ വിശേഷിപ്പിച്ച മനുഷ്യൻെറ നിത്യ സഹജീവിയായ പിശാചിൻെറ വിക്രിയകളെക്കുറിച്ച് ഡോക്ടർ നടത്തിയ ഗവേഷണപരമായ ചില അഭിപ്രായങ്ങൾ 'തൗഹീദിന് വിരുദ്ധമാകുകയില്ലേ' എന്ന ഗൗരവാവഹമായ സന്ദേഹമാണ് ലേഖകൻ ഉന്നയിച്ചത്. ഈ ചോദ്യത്തിൽ ഊന്നിയാണ് ഡോക്ടർ മറുപടി എഴുതിയത്.

ആ മറുപടി ആരും അപ്പടി അംഗീകരിച്ചുകൊള്ളണമെന്നില്ല. വ്യത്യസ്തമായ നിഗമനങ്ങൾ ചിന്തിക്കുന്നവരിൽ ഉണ്ടായേക്കാം. സ്വാഭാവികമാണല്ലോ അത്. ആരോഗ്യകരമായ ചർച്ചയ്ക്ക് അത് സഹായകമാകുകയും ചെയ്യും. ജൂൺ ലക്കം സൽസബീലിൽ ഡോ: സലിം എഴുതിയ ലേഖനം ഈ നിലക്ക് നമുക്ക് കാണാൻ കഴിയും. ഡോക്ടറുടെ ചില നിഗമനങ്ങളോട് അദ്ദേഹം വിയോജിക്കുകയാണ്. ഒരു ഇസ്‌ലാഹീ പ്രവർത്തകനായ ഡോ: സലിം തൻെറ നിലവാരത്തിനും ആദർശ സംപുഷ്ടതയ്ക്കും ഇണങ്ങുന്നരീതിയാണ് അവിടെ പ്രതികരിച്ചതെന്ന് വായനക്കാർ കണ്ടു കഴിഞ്ഞതാണല്ലോ.

എന്നാൽ "ബഹുമാന്യനായ ഡോക്ടർ നേതൃത്വം കൊടുക്കുന്ന പ്രസ്ഥാനത്തിൻെറ ഒരു എളിയ പ്രവർത്തകനാണ്" താൻ എന്നു സമ്മതിക്കുന്ന അബ്ദുസ്സമീഹ് അർഹിക്കുന്ന ബഹുമാനം നൽകാൻ തയ്യാറില്ലെങ്കിലും ലേശം മര്യാദ പാലിക്കേണ്ടതായിരുന്നു. എത്ര പ്രഗത്ഭനായ ചിന്തകനേയും വിമർശിക്കാനുള്ള അനുവാചകൻെറ അവകാശം അംഗീകരിക്കേണ്ടതാണ്. എന്നാൽ തൻെറ നിലവാരവും പ്രായവും വിവരവും കണക്കിലെടുക്കാതെയുള്ള ശൈലിയിലാണ് അദ്ദേഹം പ്രതികരിച്ചത്. ദൈവനിഷേധികളുടെ നായകൻമാരായിരുന്ന എം. സി. ജോസഫും, പി സി. കടലുണ്ടിയും ആദർശ സംവാദത്തിൽ ഡോക്ടറോട് കാണിച്ച മാന്യതയും ശൈലിയും അബ്ദുസ്സമീഹിന് മാതൃകയായിരുന്നു എന്ന് പറയേണ്ടി വന്നതിൽ ക്ലേശമുണ്ട്. 1973 ആഗസ്റ്റിൽ പി. സി. കടലുണ്ടി സൽസബീലിൽ എഴുതി "പ്രതിപക്ഷാദരം കൈവിടാതെ എത്രയും മര്യാദയായി എനിക്കുള്ള വിമർശനം എഴുതാൻ കഴിഞ്ഞതിൽ ഡോക്ടർ അവർകളെ ഞാൻ അത്യധികം അഭിനന്ദിച്ചുകൊള്ളുന്നു."

ലേഖകൻെറ ചോദ്യത്തിനുള്ള മറുപടിയുടെ തുടക്കത്തിൽ ഡോക്ടർ ഇങ്ങനെ എഴുതിയിരുന്നു. ചോദ്യകർത്താവിൻെറ സത്യാന്വേഷണ തൃഷ്ണയെ ആദരിക്കുന്നു. അദ്ദേഹം വലിയ ആശയക്കുഴപ്പത്തിലായിരിക്കുന്നു. അതിനു ഏറെ ഇടം നൽകുന്ന ഒരു വിഷയമാണിത്." ആശയക്കുഴപ്പം എന്ന പ്രയോഗം ലേഖകനെ വല്ലാതെ രോഷം കൊള്ളിക്കുകയും സ്ഥലകാല ഭ്രമത്തിന് കാരണമാക്കുകയും ചെയ്തിരിക്കുന്നു. തൻെറ ലേഖനാരംഭത്തിൽ തന്നെ ഇത് പ്രകടമായത് ശ്രദ്ധിക്കുക.

"എനിക്ക് ആശയക്കുഴപ്പം ബാധിച്ചിട്ടില്ല. ഒരു ഉറച്ച ആശയത്തിൽ നിന്നു കൊണ്ടു തന്നെയാണു ഞാൻ ആ ചോദ്യങ്ങൾ കുറിച്ചത്. പക്ഷെ അനുവാചകരെ വസ്വാസിലാക്കുന്ന വിധം ഇസ്രാഈലിയ്യാത്തിൻെറയും ഖുറാഫത്തിൻെറയും വാതിൽ തുറന്നു കൊടുക്കുകയാണ് പ്രസ്തുത മറുപടിയിൽ ഡോക്ടർ ചെയ്തത്."

ആശയക്കുഴപ്പം ബാധിച്ചോ എന്ന് വഴിയേ ചിന്തിക്കാം. പക്ഷെ ലേശം ബുദ്ധിഭ്രമം ബാധിച്ചോ എന്ന് സംശയമുണ്ട്. 1971 മുതൽ ഇന്നുവരെ ഡോക്ടറുടെ തൂലികയിൽനിന്നും ഉതിർന്നു വീണ വിജ്ഞാനത്തിൻെറ മുത്തുമണികൾ കണ്ട് ആസ്വദിക്കുകയും അത് സ്വന്തമാക്കുകയും ചെയ്ത അനുവാചകർക്ക് ഈ സംശയം അനിവാര്യമാണ്. ലേഖകൻ ഡോക്ടർക്ക് നൽകുന്ന വിനയപൂർവ്വമായ ഉപദേശവും കൂടി കൂട്ടിവായിക്കുമ്പോൾ പ്രത്യേകിച്ചും നോക്കുക!

"അന്ധവിശ്വാസത്തിൻെറ വളർത്തു പുത്രൻമാരായ ആളുകൾ പടച്ചു വിടുന്ന ഉപരിസൂചിത റിപ്പോർട്ടുകളും കഥകളും ശരിവെച്ച് പ്രസിദ്ധീകരിക്കുന്നത് ശിർക്കും അന്ധവിശ്വാസങ്ങളും വളർത്താനേ ഉപകരിക്കൂ എന്നു വിനയപൂർവ്വം ഉണർത്തട്ടെ." ധൃഷ്ടതയും ഔദ്ധത്യവും നിറഞ്ഞ 'വിനയം'! എന്ന് പറഞ്ഞാൽ ഭാഷാപരമായി വൈകല്യമുണ്ടോ എന്നെനിക്ക് നിശ്ചയമില്ല. പക്ഷെ ആ പദങ്ങളുടെ അർത്ഥം ഇവിടെ ഇണങ്ങുന്നതാണെന്ന് ഉറപ്പുണ്ട്.

ബഹുമാന്യനായ എൻെറ നേതാവ് തൗഹീദ് പൊളിക്കാനും, ശിർക്കും അന്ധവിശ്വാസവും വളർത്താനും, ഇസ്രാഈലിയ്യാത്തിൻേറയും ഖുറാഫത്തിൻേറയും വാതിൽ തുറന്നുകൊടുക്കാനുമാണ് ഒരുമ്പെടുന്നതെന്ന് ആരോപിക്കുന്ന ഈ 'വിനീത'നോട് യഥാവിധി പ്രതികരിക്കാനുള്ള ശക്തി എൻെറ ദുർബ്ബലമായ തൂലികയ്ക്കില്ലല്ലോ, എന്നു ഞാൻ ദുഃഖിക്കുന്നു.

ലേഖകന് ഡോക്ടർ നൽകിയ മറുപടിയിൽ, പ്രശസ്തരായ പല വ്യക്തികൾക്കും ഉണ്ടായ അവിശ്വസനീയമായ ചില അനുഭവങ്ങൾ അവർ തന്നെ വെളിവാക്കിയത് എടുത്ത് ഉദ്ധരിച്ചുകൊണ്ട് (ജനുവരി ലക്കം) അദ്ദേഹം പറഞ്ഞത് ഒരാവർത്തികൂടി ശ്രദ്ധിക്കാൻ വായനക്കാരോട് അഭ്യർത്ഥിക്കുന്നു. "ഇത്തരം കാര്യങ്ങളൊക്കെയും വെറും തോന്നലും തട്ടിപ്പുമെല്ലാമാണെന്ന് പറഞ്ഞു തള്ളിക്കൊണ്ട് ആശ്വസിക്കേണ്ടതാണോ? അഥവാ അത് സംഭവ്യമാണെന്ന് സമ്മതിക്കുകയും അതിൻെറ ഉറവിടം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്തുകൊണ്ട് തന്നെ അതിനെ നിരാകരിക്കുകയും അത്തരം കാര്യങ്ങളിൽ നിന്നും വിട്ടുനില്ക്കുകയും അല്ലാഹുവിനെമാത്രം ആരാധിച്ചും അവനോടുമാത്രം പ്രാർത്ഥിച്ചും ജീവിക്കുന്ന സ്ഥിതിയിൽ മനുഷ്യൻ എത്തുകയും ചെയ്യണം. അവിടെയാണ് തൗഹീദിൻെറ പ്രഭ". (പേജ് -24) ഇനി വായനക്കാർ വിലയിരുത്തുക.

നമ്മുടെ ലേഖകൻെറ ശ്രദ്ധ തൻെറ മുൻവിധിക്കു ചുറ്റും കറങ്ങുകതന്നെയാണ്. മുൻവിധിയിൽ വാശിപിടിക്കുന്നവരെ സ്വാധീനിക്കാൻ പിശാചിന് എളുപ്പമുണ്ട്. മുന്നിൽനിന്നും പിന്നിൽനിന്നും ഇടത്തുനിന്നും വലത്തുനിന്നും മനുഷ്യനെ സ്വാധീനിക്കാൻ ശൈത്വാൻ ശ്രമിക്കുമെന്ന് ഖുർആൻ നൽകുന്ന മുന്നറിയിപ്പ് മുഖവിലക്കെടുക്കാതെ തൂലിക ചലിപ്പിച്ചാൽ തൂലികയുടെ നിയന്ത്രണം ശൈത്വാൻെറ കയ്യിലായിത്തീരും.

ഡോക്ടർ പറയാത്തതും ഊഹിക്കാത്തതുമായ ഒരു കാര്യം അദ്ദേഹത്തിൽ ആരോപിച്ചുകൊണ്ടാണ് ലേഖനത്തിലുടനീളം വിമർശനം അഴിച്ചുവിട്ടിട്ടുള്ളത്. ആകത്തുക അതാണെന്ന് സാരം. അദ്ദേഹം പറയുന്നു, "പിശാചിൻെറ വർഗത്തിൽപെട്ട ഖരീനിന്ന് അദൃശ്യ കാര്യങ്ങൾ അറിയാൻ കഴിയുമെന്ന് അതിലൂടെ അദ്ദേഹം സ്ഥിരീകരിക്കുന്നു."

ഇത് തികച്ചും വ്യാജമാണ്. ഡോക്ടർ തൻെറ ദീർഘമായ മുൻ ലേഖനത്തിലോ അബ്ദുസ്സമീഹിൻെറ ചോദ്യത്തിനു നൽകിയ മറുപടിയിലോ ഇത്തരം സൂചനപോലും നടത്തിയിട്ടില്ല. പിന്നെയെല്ലേ സ്ഥിരീകരിക്കാൻ. സത്യമാണു പറയുന്നതെങ്കിൽ ലേഖകൻ ആ വാചകം ഉദ്ധരിക്കണമായിരുന്നു. 'ഗൈബ് അഥവാ അദൃശ്യ കാര്യങ്ങൾ' എന്ന അടിസ്ഥാനപരമായ വിഷയത്തിൽ ഉണ്ടായ ചിന്താപരമായ പാളിച്ചയാണ് ഇത്തരം നിഗമനങ്ങൾക്ക് നിദാനം. ഡോ: സലീമിനും ലേശം പാളിച്ച ഇവിടെ സംഭവിച്ചിട്ടുണ്ടെന്ന് പറയാതെ നിർവ്വാഹമില്ല. അദ്ദേഹം ഇപ്രകാരം എഴുതിയിട്ടുണ്ട്. "പിശാചിനെ സ്വാധീനിച്ച് ഭാവി

കാര്യങ്ങളും അദൃശ്യകാര്യങ്ങളും അറിയുന്നത്, 'ഗയ്ബറിയുന്നവൻ അള്ളാഹുമാത്രം' എന്ന തൗഹീദിൻെറ അടിസ്ഥാന സിദ്ധാന്തത്തിനെതിരല്ലേ? എന്ന ചോദ്യം പ്രസക്തമാണ്. അതിനുള്ള ഡോക്ടറുടെ മറുപടി തൃപ്തികരമെന്ന് പറയുക വയ്യ. (ജൂൺ ലക്കം പേ: 21) ഡോ: സലിം മാന്യമായി പ്രതികരിക്കുമ്പോൾ നമ്മുടെ ലേഖകൻ ഒരു വ്യാജാരോപണം അടിച്ചേൽപിച്ച് അസംബന്ധങ്ങളും അന്തസാര ശൂന്യമായ വിശദീകരണങ്ങളുമായി നീട്ടി വലിക്കുന്നു.

'ഗൈബ്' പലപ്പോഴും ആപേക്ഷികമാണ് എന്ന വസ്തുത ആദർശപരമായ ആവേശത്താൽ ചിലർ വിസ്മരിക്കുകയാണ്. കോഴിക്കോട് സിറ്റിയിൽ സംഭവിക്കുന്ന ഒരു ദുരന്തം കൊച്ചിയിൽ ഉള്ള ഒരാൾക്ക് (അദൃശ്യം) ഗൈബാണ്. പക്ഷെ സംഭവ സ്ഥലത്തുള്ളവർക്ക് അത് ദൃശ്യവുമാണ്. എന്നാൽ മാധ്യമങ്ങളുടെ സഹായമില്ലാതെ ഒരാൾ ഈ വാർത്ത മറ്റുള്ളവരെ അറിയിച്ചാൽ അതാണ് ഗൈബ് അറിയൽ. മരിച്ചുപോയ മഹാൻമാർക്ക് ഈ ലോകത്ത് നടക്കുന്ന കാര്യങ്ങൾ അറിയാൻ കഴിയുമെന്നും തങ്ങളുടെ 'വിളിച്ചു തേടൽ' കേൾക്കാൻ കഴിവുണ്ടെന്നും ആരെങ്കിലും വിശ്വസിച്ചാൽ അത് ഗൈബറിയുക എന്നതിൽ പെടുന്നു. അതുകൊണ്ടാണ് അള്ളാഹു അല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നത് കടുത്ത ശിർക്കും അന്ധവിശ്വാസവുമായിത്തീരുന്നത്.

ഇവിടെ വിഷയം 'ഖരീൻ' ആണല്ലോ? എന്താണ് ഖരീൻ എന്ന് ആദ്യം മനസിലാക്കേണ്ടതുണ്ട്. മനുഷ്യൻെറ ജനനം മുതൽ മരണംവരെ അവൻെറ ഉണർച്ചയിലും ഉറക്കത്തിലും സഹജീവിയായി കഴിയുന്ന ജിന്നു വർഗത്തിൽപെട്ട പിശാചാണ് 'ഖരീൻ'. ഇത് ഖുർആനിൽ നിന്നും ഹദീസിൽ നിന്നും വ്യക്തമാണ്. ആ പദത്തിൻെറ ഭാഷാർത്ഥം തന്നെ 'വിടാതെ ചുറ്റിപ്പിടിച്ചവൻ' എന്നത്രെ. നാം അവനെ കാണുന്നില്ലെങ്കിലും അവൻ നമ്മെ കാണുന്നു. നമ്മുടെ വാക്കുകളിലും പ്രവർത്തനങ്ങളിലും സജീവ സാക്ഷിയായി നമ്മോടൊപ്പം ഉണ്ട്. അപ്പോൾ മനുഷ്യന് ഖരീൻ അദൃശ്യനാണ്. 'ഖരീനിനെ' സംബന്ധിച്ചിടത്തോളം മനുഷ്യൻ അദൃശ്യമല്ല. ദൃശ്യമാണ്. മുസ്ലിം ഈ വസ്തുത വേർതിരിച്ചു അറിയേണ്ടതുതന്നെ. എന്നാൽ മനുഷ്യൻെറ മനസിൽ മാത്രം സൂക്ഷിക്കുന്ന കാര്യം തൻെറ സഹജീവിയാണെങ്കിലും 'ഖരീനി'ന് ഗൈബ് തന്നെ. അതറിയുന്നവൻ അള്ളാഹു മാത്രം. അടുത്ത നിമിഷത്തിൽ എന്തു സംഭവിക്കും എന്നതും അള്ളാഹുവിൻെറ മാത്രമായ അറിവാകുന്നു. പരലോകത്തിൻെറ വർത്തമാനങ്ങളും അപ്രകാരം തന്നെ. എന്നാൽ ഭാവിയിൽ നടക്കാനിരിക്കുന്ന ചില കാര്യങ്ങൾ 'വഹ്യ്' മുഖേന അള്ളാഹു പ്രവാചകൻമാരെ അറിയിക്കുകയും അവർ അത് മനുഷ്യർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യും. ഈ ചുവടിൻെറ പിന്നിൽ പതുങ്ങിനിന്നുകൊണ്ട് 'ആത്മക്കണ്ണുള്ള' ചില സിദ്ധൻമാർക്കും തങ്ങൻമാർക്കും 'ഇൽഹാം' മുഖേന ഭാവി അറിയാൻ കഴിയുമെന്ന് പിശാചിൻെറ സഹകാരികളായ പണ്ഡിതൻമാർ പ്രചരിപ്പിക്കുന്നു. വളരെ വാശിയിൽ നടന്ന ഗുരുവായൂർ ഉപതെരഞ്ഞെടുപ്പിൽ താൻ പരാജയപ്പെടുമെന്ന് 'ആത്മക്കണ്ണു'ള്ള ഒരു വലിയ തങ്ങൾ പ്രവചിച്ചതായി പരാജയപ്പെട്ട സ്ഥാനാർത്ഥിയായ ഒരു 'മഹാപണ്ഡിതൻ' സ്വയം

ആശ്വസിച്ച വിവരം പത്രദ്വാരാ നാം അറിഞ്ഞതാണ്. ഈ തരം പണ്ഡിതൻമാരാണ് സമൂഹത്തെ വഴികേടിലാക്കുന്നത്.

എന്നാൽ മനസിൽ തോന്നുന്ന കാര്യങ്ങളിൽ നിന്നും ചിലത് 'ഖരീൻ' അറിയുമെന്ന് കരുതാൻ വകയുണ്ട്. ഇവിടെയാണ് ചിന്തിക്കുന്നവരെന്ന് സ്വയം അഭിമാനിക്കുന്നവരിൽ പോലും സംഭവിക്കുന്ന ചിന്താക്കുഴപ്പം! എന്താണത്? ഖരീൻ മനുഷ്യൻെറ മനസിൽ ദുഷ്ചിന്തകൾ ഇട്ടുകൊടുക്കും. അവൻ പ്രേരണ നൽകുന്ന വിഷയം എന്തെന്ന് അവനറിയാം. ഈ അറിവ് ഗൈബറിയുക എന്നതിൽ പെടുകയില്ലല്ലോ. മനുഷ്യരിൽനിന്നുള്ള പിശാചിൻെറ മിത്രങ്ങൾക്കും ഈ അറിവ് ഉണ്ടാകാം. താൻ നിരന്തരമായി പ്രേരണ ചെലുത്തിയ ഒരു ദുഷ്കൃത്യത്തിന് ഒരാൾ ഒരുങ്ങുമ്പോൾ, തൻെറ നിർദ്ദേശമാണ് അയാളുടെ മനസിൽ അപ്പോൾ അലതല്ലുന്നതെന്ന് അതിന് പ്രേരിപ്പിച്ച ആൾക്ക് മനസിലാക്കാൻ കഴിയുമല്ലോ. എന്നാൽ വിചാരം അതിനെതിരായി മാറുന്നുണ്ടെങ്കിൽ അത് അറിയാൻ ജിന്നു പിശാചിനോ മനുഷ്യപ്പിശാചിനോ സാധ്യമല്ല തന്നെ.

ഈ വസ്തുതകൾക്കനുരൂപമായാണ് ഡോക്ടർ തൻെറ നിഗമനങ്ങൾ അവതരിപ്പിക്കുന്നതെന്ന് മനസിലാക്കാം. 'ഖരീൻ' എന്ന മനുഷ്യ സഹജീവിയായ പിശാചിൻെറ പ്രവർത്തനങ്ങളെ അദ്ദേഹം ചർച്ചയ്ക്ക് വിധേയമാക്കുകയാണുണ്ടായത്. മനുഷ്യൻെറ മതപരവും ഭൗതികവുമായ മേഖലകളെ വിശകലനം ചെയ്യുമ്പോൾ വിഗ്രഹാരാധനയും ഖബറാരാധനയുമടക്കം സൃഷ്ടികൾക്കുള്ള സകലമാന ആരാധനകളും പ്രാർത്ഥനകളും അവിടെ വിഷയമാകുന്നു. കല, സാഹിത്യം, അഭിനയം തുടങ്ങിയ മേഖലകൾ ചർച്ചയ്ക്കും വിധേയമായി. ഹിപ്നോട്ടിസം, പരകായ പ്രവേശം, പരഹൃദയജ്ഞാനം തുടങ്ങിയവയും ഗവേഷണപരമായ വിചിന്തനത്തിന് കാരണമായി. അദ്വൈതവാദവും വഹ്ദത്തുൽ വുജൂദും ചിന്താവിഷയമായിത്തീരുന്നു. അങ്ങനെ മനുഷ്യൻെറ മുഴുവൻ പ്രവർത്തനങ്ങളിലും 'ഉപബോധമനസ്' എന്ന ഓമനപ്പേരിൽ പിശാച് യഥേഷ്ടം വിളയാടുന്നുവെന്ന നിഗമനത്തിലാണ് ഡോക്ടർ തൻെറ ഗവേഷണ ചിന്ത ഉയർത്തിപ്പിടിക്കുന്നത്. അവിടെ സ്വാഭാവികമായും 'പ്രേതബാധ' എന്ന വർത്തമാനവും കടന്നു വരുന്നു. എന്നാൽ ഒരു ഖണ്ഡിതമായ തീരുമാനമെന്ന നിലക്കല്ല താൻ ഈ ചിന്ത അവതരിപ്പിക്കുന്നതെന്നും തെളിവുകളുടെ സഹായത്തോടെ ചില നിഗമനങ്ങൾ നടത്തുകയാണെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. "ഇനിയും ചർച്ച ചെയ്യാം. ഗവേഷണം നടത്താം. അഭിപ്രായങ്ങൾ രൂപീകരിക്കാം. ഖുർആനും ഹദീസും നൽകുന്ന പാഠങ്ങളായിരിക്കണം നമ്മുടെ വൃത്തം. ഈ വൃത്തത്തിനുള്ളിൽ ഭദ്രമായി നില്ക്കുന്നവർക്ക് എത്ര വലിയ ദജ്ജാലും ബാബയും യോഗിയും ബീവിയും ജോത്സ്യനും ഒന്നും പ്രശ്നമല്ല. എല്ലാം അതിജീവിച്ചു നല്ല വിശ്വാസിയാകാം. അല്ലാഹുവിൻെറ ഏകത്വം കൂടുതൽ ബോധ്യപ്പെടാം. എല്ലാം അല്ലാഹുവിൽ ഭരമേല്പ്പിക്കാം അവനോടുമാത്രം പ്രാർത്ഥിക്കാം അപ്പോൾ വിജയം പ്രാപിച്ചു." എന്നിപ്രകാരം തൻെറ ആദർശത്തിൻെറ വിട്ടു വീഴ്ചയില്ലാത്ത കണിശത പ്രകടിപ്പിച്ചുകൊണ്ടും അനുവാചകരുടെ ശ്രദ്ധയെ തൗഹീദിലേക്ക് ക്ഷണിച്ചുകൊണ്ടും തൂലിക ഉയർത്തിയ ബഹുമാന്യനായ ഡോക്ടറെ ഇസ്രാഈലിയ്യാത്തിൻെറ

ഏജൻറും ശിർക്കിൻെറ ഗോപുരവാതിൽ തുറക്കുന്നവനുമാക്കി ചിത്രീകരിക്കാൻ ലേഖകനു തോന്നിയത് തൻെറ 'ഖരീൻ' ഒരുക്കിയ കെണിയിൽ അദ്ദേഹം കാലിടറി വീണതുകൊണ്ടു മാത്രമാണ് എന്നു ധരിക്കുന്നതിൽ തെറ്റില്ല.

ഒരിക്കൽ എനിക്ക് ഒരു അനുഭവമുണ്ടായി. വലിയ സിദ്ധനായി വാഴുന്ന, ആയിരങ്ങളെ ആകർഷിച്ചിരുന്ന ഒരു തങ്ങളുടെ അടുത്ത് ഒരു പരിചയക്കാരനുമൊത്ത് പോകാൻ നിർബന്ധിക്കപ്പെട്ടു. എന്താണു ഈ തങ്ങളുടെ ശൈലി എന്നു നേരിട്ടറിയാനുള്ള ആകാംക്ഷയാണ് എന്നെ പ്രേരിപ്പിച്ചത്. ഒരു സ്വർണ്ണപണ്ടം കാണാതെ പോയ കേസായിരുന്നു അത്. വിവരം കേട്ട ശേഷം തങ്ങൾ കടലാസിൽ ചില കളംവരക്കുകയും വെട്ടുകയും ചെയ്തു. ശേഷം തൻെറ സ്വകാര്യ മുറിയിലേക്കുപോയി. ഏതാനും നിമിഷങ്ങൾക്ക് ശേഷം പുറത്തുവന്നു. പാർട്ടിയോട് നാളെ വരൂ എന്ന് പറഞ്ഞു. ഞങ്ങൾ പുറത്തിറങ്ങിയപ്പോൾ മാലയുടെ ഉടമസ്ഥനെ മാത്രം തിരിച്ചു വിളിച്ചു. ഒരു നിമിഷം! അയാൾ പുറത്തു വന്നു തിരിച്ചു പോരുമ്പോൾ ഞാൻ രണ്ടാംവിളിയെക്കുറിച്ച് തിരക്കി, "നാളെ വരുമ്പോൾ കൂടെയുള്ള ആളുമായി വരരുത് നമ്മളെ പരിഹസിക്കുന്ന പിഴച്ചവനാണ്" എന്ന് പറഞ്ഞത്രെ! ശ്രീ രാഘവന് രമണ മഹർഷിയിൽ നിന്നുണ്ടായ അനുഭവത്തെ വിശകലനം ചെയ്തപ്പോൾ ലേഖകൻ സമർത്ഥിച്ച ഒരു പാട് സാധ്യതകളുണ്ടല്ലോ, അതൊന്നും ഇവിടെ ഉണ്ടായിട്ടില്ല. ഞങ്ങളോട് ആരും ഒന്നും ചോദിച്ചിരുന്നില്ല. ഞങ്ങൾ ആരോടും മുൻകൂട്ടി ഒന്നും പറഞ്ഞിരുന്നുമില്ല. ഞങ്ങൾക്ക് അപരിചിതമായ ഒരു ചുറ്റുപാടും. ഞാൻ സത്ംഭനായി! പക്ഷെ കൂട്ടുകാരൻെറ മുമ്പിൽ പ്രകടമാക്കിയില്ല. ലേഖകൻ വാദിക്കുന്നതുപോലെ "ഇതൊക്കെ വെറും തട്ടിപ്പു കമ്പനിയാണെന്ന് മനസിലായില്ലേ. അയാൾക്കോ അയാളുടെ പരിചാരകനോ എന്നെ പരിചയമുണ്ടാകും നിങ്ങൾ ഈ ഹമുക്കത്തരം ഉപേക്ഷിക്കുക" എന്നു ഞാൻ കൂട്ടുകാരനോട് പറഞ്ഞു. അയാൾ വഴങ്ങിയില്ല. ഞാൻ ലേഖകനെപ്പോലെ സ്വയം ആശ്വസിക്കുകയായിരുന്നു. അതിനുമുമ്പ് 'പ്രേതബാധ' എന്ന് വിശേഷിപ്പിക്കുന്ന ഒരു പെൺകുട്ടിയിൽ നിന്നും ഇതേപോലെ ചില അനുഭവങ്ങൾ എനിക്കുണ്ടായിട്ടുണ്ട്. അതും തട്ടിപ്പിൻെറ ലിസ്റ്റിൽ ഞാൻ കുറിച്ചിരുന്നു. ഈ സംഭവവും കൂടിയായപ്പോൾ എൻെറ മനസ് അസ്വസ്ഥമായി മാസങ്ങളോളം ഈ ചിന്ത വരികയും പോകുകയും ചെയ്തു കൊണ്ടിരിന്നു. ചില പണ്ഡിതൻമാരോട് ചർച്ച ചെയ്തപ്പോൾ മൂന്നക്ഷരം മാത്രം മറുപടി. തട്ടിപ്പ്. ഞാൻ തൃപ്തനായില്ല. തട്ടിപ്പുകൾ ഏറെ ഇതിൽ ഉണ്ടെങ്കിലും അതിലുപരി മറ്റെന്തോ ഉണ്ട് എന്ന് മനസ് മന്ത്രിച്ചുകൊണ്ടിരുന്നു. തങ്ങൾക്കോ 'പ്രേതബാധ'ക്കാരിക്കോ ഗൈബ് അറിയാമെന്ന് വിശ്വസിക്കാൻ തൗഹീദിൻെറ വിശ്വാസം സമ്മതിക്കുന്നുമില്ല. ആകെ ആശയക്കുഴപ്പം! അങ്ങനെയിരിക്കേയാണ് 71-ൽ സൽസബീൽ ത്രൈമാസികയിലെ ഡോക്ടറുടെ ലേഖനം കണ്ടത്. വളരെ ശ്രദ്ധാപൂർവ്വം അത് പഠിച്ചു. അപ്പോഴാണ് എൻെറ ഖരീനിനെക്കുറിച്ച് ഞാൻ ശരിക്കും ബോധവാനായത്. എൻെറ ആശയക്കുഴപ്പത്തിന് പൂർണ്ണ വിരാമം ഇട്ടു. പിശാച് എന്നെ ശിർക്കിലേക്ക് വലിച്ചിഴക്കാൻ വല്ലാതെ ശ്രമിക്കുന്നുണ്ടായിരുന്നു എന്നെനിക്ക് ബോധ്യമായി. തട്ടിപ്പ് വിചാരംകൊണ്ട് മാത്രം തടിതപ്പാൻ കഴിയാത്ത ചിലതുണ്ടെന്നും

ബോധ്യമായി. ഇനി ദജ്ജാൽ തന്നെ വന്നാലും എന്നെ ഇളക്കാൻ കഴിയുകയില്ല എന്ന ധൈര്യത്തിലാണ് ഞാൻ. അല്ലാഹു അനുഗ്രഹിക്കട്ടെ!

ഇസ്ലാഹീ പണ്ഡിതനും തൗഹീദിൻെറ നല്ലൊരു പ്രചാരകനുമായ ഒരു സുഹൃത്തിനും ഇതിനേക്കാൾ കടുത്ത ഒരനുഭവം ഉണ്ടായതായും വല്ലാതെ അസ്വസ്ഥനായി അദ്ദേഹം ഡോക്ടറുമായി അതേക്കുറിച്ച് ചർച്ച ചെയ്തതായും എനിക്കറിവുണ്ട്. ഒരു മന്ത്രവാദി അദ്ദേഹത്തോട് പറഞ്ഞുവത്രെ, നിങ്ങൾ മനസിൽ എന്തെകിലുമൊന്ന് വിചാരിക്കൂ. ഞാൻ അത് പറയാം. പരീക്ഷണാർത്ഥം അദ്ദേഹം അങ്ങനെ ചെയ്തു. മന്ത്രവാദി നിമിഷങ്ങൾ ധ്യാനനിരതനായി. പിന്നീടു കാര്യം പറഞ്ഞു. നമ്മുടെ പണ്ഡിത സുഹൃത്ത് ഞെട്ടിവിറച്ചു! മനസിലുള്ളത് അല്ലാഹു മാത്രമേ അറിയൂ എന്ന് ദൃഢമായി വിശ്വസിക്കുകയും അത് പ്രബോധനം ചെയ്യുകയും ചെയ്യുന്ന ആ സുഹൃത്തിനു ഈ സംഭവം ഒരു വെല്ലുവിളിയായി. അദ്ദേഹവും ഡോക്ടറെയാണ് ചർച്ചയ്ക്ക് തെരെഞ്ഞെടുത്തത്. ഡോക്ടർ ഇപ്രകാരമാണ് അഭിപ്രായപ്പെട്ടത്. 'മനസിൽ വിചാരിക്കൂ' എന്നു മന്ത്രവാദി ആവശ്യപ്പെട്ടപ്പോൾ ഗുണനിലവാരമുള്ള ഒരു ഇര തനിക്ക് ലഭിക്കാൻ ഇതാ വഴി യൊരുങ്ങിയെന്ന് പണ്ഡിതൻെറ 'ഖരീൻ' കരുതിയിരിക്കും. കിട്ടിയ സന്ദർഭം പാഴാക്കാതെ ഉടനെ ഒരു ചിന്ത അദ്ദേഹത്തിൻെറ മനസിലേക്ക് പിശാച് ഇട്ടുകൊടുത്തു. ഈ വിവരം അവൻ മന്ത്രവാദയിടെ ഉറ്റ മിത്രമായ ഖരീനിലേക്ക് കൈമാറി. മന്ത്രവാദിയുടെ ധ്യാന നിമിഷത്തിൽ അയാളുടെ ഖരീൻ അയാളുടെ മനസിലേക്ക് അതൊരു വിവരമായി എത്തിച്ചു. അയാൾ അത് പറഞ്ഞു. ഈ നി ലക്ക് സംഭവിക്കാനേ തരമുള്ളൂ. ഇത് അസംഭവ്യവുമല്ല. പിശാച് മനുഷ്യ മനസിൽ ദുർമന്ത്രണം നടത്തുവാൻ കെല്പുള്ളവനാണല്ലോ. ഇങ്ങനെ ഖരീനുകൾ തമ്മിൽ ഒരു കമ്മ്യൂണിക്കേഷൻ (വാർത്താവിനിമയം) നടന്നതായി അനുമാനി ക്കാവുന്നതാണ്. ഖുർആനും ഹദീസും നൽകുന്ന പാഠങ്ങൾ പരിശോധി ക്കുമ്പോൾ ഇത് സംഭവ്യമല്ലെന്ന് കരുതാൻ വയ്യ. ഇതായിരുന്നു ഡോക്ടറുടെ വി ശദീകരണം. നമ്മുടെ പണ്ഡിത സുഹൃത്തിന് ഡോക്ടറുടെ ഗവേഷണപരമായ അഭിപ്രായം ഹൃദ്യമായി. രാഘവനും നിയമജ്ഞനും ഈ അറിവു ലഭിക്കാത്തതി നാൽ ഒരാൾ അത് ദൈവികമായ ഉൾക്കാഴ്ചയായും മറ്റേയാൾ പരേതാത്മാവായും തെറ്റിദ്ധരിക്കുകയും അത് തങ്ങളുടെ വിശ്വാസമാക്കുകയും ചെയ്തു.

ഡോക്ടറുടെ നിഗമനങ്ങളെ എതിർക്കുന്ന രണ്ടു ലേഖകൻമാരും ഈ വിഷയത്തി ൽ വ്യത്യസ്ഥ വീക്ഷണക്കാരാണെന്നതു തന്നെ ആശയക്കുഴപ്പതിനു ഇടം നൽകുന്ന കാര്യമാണിതെന്ന് വ്യക്തമാക്കുന്നു. ഡോ: സലിം ഇതിനെ വെറും തട്ടിപ്പെന്നു പറഞ്ഞു തള്ളിക്കളയാതെ 'സ്കീസോ ഫ്രാനിയ' എന്ന മാനസിക രോഗത്തിൻെറ ലക്ഷണമായിരിക്കും എന്ന് നിഗമിക്കുന്നു. അബ്ദുസ്സമീഹ് രണ്ടുപേരുടെ അനുഭവ വർത്തമാനത്തിൽ രണ്ടു അഭിപ്രായത്തിലാണു നിൽക്കുന്നത്. രാഘവൻേറത് വെറും തട്ടിപ്പ് തന്നെ. അതിനുള്ള ഒരുപാട് സാധ്യതകൾ അദ്ദേഹം നിരത്തുന്നുണ്ട്. ഈ സാധ്യതകളെ പൂർണ്ണമായി തള്ളിക്കളയേണ്ടതുമില്ല. (എന്നാൽ ഈ തരം സാധ്യതകൾ ഇല്ലാത്ത നിലക്ക് സംഭവിച്ച ഒരു കാര്യമാണെങ്കിലോ?

വീണ്ടും ഉത്തരം തേടിപ്പിടിക്കേണ്ടിയിരിക്കുന്നു) നിയമജ്ഞൻെറ പ്രശ്നത്തിൽ അദ്ദേഹം പറയുന്നത് "പാതിരാവിൻെറ ഏകാന്തതയും പ്രിയപത്നിയുടെ വിയോഗവും നിദ്രാവിഹീനതയും അനുഭവപ്പെടുന്ന ഒരു മനസിൻെറ പൈശാചിക ദുർബോധനങ്ങൾക്ക് അതിശയോക്തി നൽകിയതാണ് പ്രസ്തുത സംഭവം. ബുദ്ധിമാൻമാർക്കും ഇത്തരത്തിലുള്ള ചില 'ബുദ്ധിമോശങ്ങൾ സംഭവിക്കാം.'"

ഇവിടെ തട്ടിപ്പ്വാദത്തിൽ നിന്നും ലേഖകൻ വിട്ടുനിൽക്കുന്നു. നിയമജ്ഞനെ തട്ടിപ്പിൻെറ വക്താവാക്കുന്നില്ല. "പിശാചിൻെറ ദുർബോധനങ്ങൾക്ക് അതിശയോക്തി നൽകി"യെന്നാണ് പറഞ്ഞത്. അവിടെ പിശാചിൻെറ സ്വാധീനം അദ്ദേഹം സമ്മതിച്ചു. ഇത് തന്നെയാണ് ചിന്താക്കുഴപ്പം. പരേതാത്മാവ് തന്നോടു സംസാരിച്ചു എന്ന് നിയമജ്ഞൻ പറയുമ്പോൾ അത് തട്ടിപ്പാണെന്ന് പറഞ്ഞുകൊണ്ട് തള്ളിക്കളയാതെ അതിൻെറ ഉറവിടം കണ്ടെത്താൻ ശ്രമിക്കണം. ആ ഉറവിടം പിശാചാണ്. ലേഖകൻ സമർത്ഥിച്ചതുപോലെ പിശാചിൻെറ ദുർബോധനങ്ങൾക്ക് 'പരേതാത്മാവ്' എന്ന് അതിശയോക്തി നൽകി. ഈ വാദത്തേയാണ് നാം നിരാകരിക്കുന്നത്. തൗഹീദിൻെറ വക്താക്കൾക്കേ ഇതിനു കഴിയൂ.

രാഘവൻെറ പ്രശ്നത്തിലും സംഭവിച്ചത് മറ്റൊന്നല്ല. മഹർഷി ദിവ്യത്വം വാദിക്കുന്നവനാണ്. അതിനു സഹായകമാകുന്ന ചില്ലറ നീക്കുപോക്കുകൾ അവസരോചിതം അദ്ദേഹത്തിൻെറ 'ഖരീൻ' നിവർത്തിച്ചു കൊടുത്തേക്കാം. ഇവിടെ ലേഖകൻ നിരത്തുന്ന തട്ടിപ്പിൻെറ എല്ലാ സാധ്യതകളും മാറ്റി നിർത്തിയാലും ഇതു സംഭവിക്കാം. രാഘവൻെറ ഖരീൻ നൽകുന്ന വിവരങ്ങൾ ഏറ്റു വാങ്ങി മഹർഷിയുടെ വിചാരത്തിലേക്ക് നൽകാൻ അദ്ദേഹത്തിൻെറ ഉറ്റമിത്രമായ ഖരീനിന് കഴിയും. ഖരീനുകൾ തമ്മിലുള്ള വാർത്താവിനിമയം! മഹർഷിയുടെ ഈ അറിവ് ഗൈബറിയലല്ല. പിശാചിൽ നിന്നുള്ള ബോധനമാണ്. അതിന് ദിവ്യത്വത്തിൻെറ പരിവേഷം ചാർത്തുന്നു! തൗഹീദിൻെറ മഹത്വം ഗ്രഹിക്കാത്തവരും പിശാചിൻെറ വിക്രിയകളെക്കുറിച്ച് വിവരമില്ലാത്തവരും ഇത്തരം അത്ഭുതമുളവാക്കുന്ന അനുഭവങ്ങളെ ദൈവീകമായി വിലയിരുത്തും. ഇതാണ് 'കുഴിയിൽ നിന്നും കൊക്കയിലേക്ക്' എന്ന് ഡോക്ടർ വിശേഷിപ്പിച്ചത്. ഭൗതിക കാര്യങ്ങളിൽ പക്വമതികളും ബുദ്ധിമാൻമാരുമായ പലരും ഈ വിധം കൊക്കയിലേക്ക് വീഴുന്നുണ്ട്. ആത്മീയ വിഷയത്തിൽ വിഗ്രഹത്തിനു മുമ്പിൽ ഹൃദയത്തെ അടിയറവെക്കുന്ന അതിശയകരമായ അൽപത്വം! ഏത് ബുദ്ധിമാനേയും ഈ വിധം പിശാച് വെട്ടിൽ വീഴ്ത്തും. ബഹുദൈവാരാധനയിലേക്ക് മനുഷ്യനെ ചാടിക്കുകയാണ് അവൻെറ പ്രധാന ജോലി. ഈ സൃഷ്ടിപൂജയിൽ പിശാച് അവർക്ക് ആത്മസംതൃപ്തി ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യും. "അവരുടെ പ്രവർത്തനങ്ങൾ പിശാച് അവർക്ക് അലംകൃതമാക്കികൊടുക്കും" എന്ന് ഖുർആൻ പറയുന്നുണ്ട്. ചിലപ്പോൾ അവിശ്വസനീയമായ ചില അനുഭവങ്ങളിലൂടെ. മറ്റു ചിലപ്പോൾ മറ്റു പലതുമാകാം. വെറും തോന്നലുകൾകൊണ്ട് മാത്രം എല്ലായ്പ്പോഴും മനുഷ്യൻ സംതൃപ്തനാകുകയില്ല. അപൂർവ്വമായ ചില അത്ഭുതം സംഭവിക്കാം. എപ്പോഴും ഉണ്ടായിക്കൊള്ളണമെന്നുമില്ല. മേൽപറഞ്ഞ

പ്രശസ്തൻമാരിലൂടെ ആയിരങ്ങളേയും ലക്ഷങ്ങളേയും വഴി തെറ്റിക്കാൻ സാധിക്കുമല്ലോ. ചില ബാബാമാരും ചില തങ്ങൻമാരും ജനങ്ങളെ സ്വാധീനിക്കുന്നത് നാം കാണുന്നില്ലേ. അപ്പോൾ പിശാചിന് മാജിക്കുകാരനെപ്പോലെ മുക്കുമൂലകളിലും കവലകളിലും ഓടിനടന്ന് അത്ഭുതം വിതറേണ്ടതില്ല. എയർ സർവ്വീസും വേണ്ട. സി. ഐ. ഡി. ആഫീസിലെ ചുമതല ഏൽക്കേണ്ടതുമില്ല. ഒരു സായിബാബയോ രമണ മഹർഷിയോ ഹബീബ് തങ്ങളോ മതിയാകും; ലക്ഷങ്ങളെ നരകത്തിലേക്ക് കൂട്ടാൻ. അതല്ലേ നിത്യാനുഭവം. തട്ടിപ്പുപുരാണം പറഞ്ഞു തടി ഒഴിയാതെ ഇതൊക്കെയും ശൈത്വാൻെറ ക്രിയകളാണെന്ന് ധീരമായി ജനങ്ങളോട് പറയണം. എന്നിട്ടവരെ തൗഹീദിൻെറ സരണിയിലേക്ക് ക്ഷണിക്കണം. ഇങ്ങനെയാണ് ഉറവിടം കണ്ടെത്തലും അതിനെ നിരാകരിക്കലും.

വളരെ ദീർഘമായി വിഷയത്തിൻെറ ഗൗരവം നോക്കുമ്പോൾ എത്ര ദീർഘിപ്പിച്ചാലും പോരാ. "അവനും അവൻെറ ഗോത്രവും നിങ്ങളെ കാണുന്നു. നിങ്ങൾക്ക് അവരെ കാണാൻ കഴിയാത്ത വിധം" എന്ന് ഖുർആൻ പറയുന്നു. ജിന്നിൻേറയും മനുഷ്യൻേറയും സൃഷ്ടിപ്പിൻെറ ഘടനയാണിതിന് കാരണം. മലക്കുകളേയും നാം കാണുന്നില്ല അവർ നമ്മെ കാണുന്നു. ഇതും സൃഷ്ടിപ്പിൻെറ വൈവിധ്യം തന്നെ. പക്ഷെ ഒരിക്കലും അവരെ കാണാൻ കഴിയില്ല എന്ന് ഇതിനർത്ഥമാക്കിക്കൂടാ. ഖുർആൻ ഖണ്ഡിതമായി അത് പറഞ്ഞിട്ടുമില്ല. മലക്കുകൾ മനുഷ്യവേഷത്തിൽ ഇബ്റാഹിം നബി(അ)യുടേയും ലൂത്ത് നബി(അ)യുടേയും അടുത്ത് വന്നുവല്ലോ. നബിമാരെ കൂടാതെ മറ്റു മനുഷ്യരും അവരെ കണ്ടതായി ഖുർആൻ പറയുന്നുണ്ട്. കാഴ്ചയുടെ പരിധി നിർണ്ണയിച്ചിട്ടും ഇത് സാധ്യമായല്ലോ?

പിശാച് മനഷ്യരെ പിഴപ്പിക്കാൻ പല അടവുകൾ പ്രയോഗിക്കും. അതിനുള്ള സ്വാതന്ത്ര്യം അവന്ന് നൽകപ്പെട്ടിട്ടുണ്ട്. 'എൻെറ യഥാർത്ഥ അടിമകളെ നിനക്ക് സ്വാധീനിക്കാൻ കഴിയില്ല' എന്ന് റബ്ബ് പ്രഖ്യാപിക്കുകയും അത് നമ്മെ അറിയിക്കുകയും ചെയ്തു. 'പിശാച് നിങ്ങളുടെ പ്രത്യക്ഷ ശത്രുവാണ്'' എന്ന് മുന്നറിയിപ്പ് നല്കി 'മുന്നിൽനിന്നും പിന്നിൽനിന്നും ഇടത്തുനിന്നും വലത്തുനിന്നും ഞാൻ അവരെ സമീപിക്കും' എന്ന പിശാചിൻെറ വാക്കുകളും നമുക്ക് അറിയിച്ചുതന്നു. സകലമാർഗത്തിലൂടെയുമുള്ള ഈ പൈശാചിക സമീപനത്തെ ദുർമന്ത്രണം എന്നതിൽമാത്രം ലോപിപ്പിച്ചതുകൊണ്ട് എന്താണു നേട്ടം? പൈശാചിക വിക്രിയകൾ അനുഭവിച്ചവരെ കൂടുതൽ പിഴവിലേക്ക് തള്ളിവിടുക മാത്രം. നാം അതൊക്കെ തട്ടിപ്പ് എന്നു പറയും. അനുഭവസ്ഥർ പുച്ഛത്തോടെ ഇത് തള്ളുകയും ദൈവീകമായി അവയെ സ്വീകരിക്കുകയും ചെയ്യും. മുമ്പ് സൂചിപ്പിച്ച പണ്ഡിതൻെറ അനുഭവം തട്ടിപ്പാണെന്നു പറഞ്ഞാൽ അദ്ദേഹത്തിന് സ്വീകരിക്കാൻ കഴിയുമോ? അതുപോലെ എൻേറതും. ഉത്തരം കിട്ടിയേ മതിയാവൂ. അത് തൗഹീദിനെ കൂടുതൽ പ്രഭയുള്ളതാക്കുകയും ചെയ്യണം. ഇവിടെയാണ് ഡോക്ടറുടെ നിഗമനങ്ങളുടെ പ്രസക്തി.

സൂറ അൻആം 128-ാം വചനത്തിന് ഡോക്ടർ നൽകിയ അർത്ഥത്തെ ലേഖകൻ ചോദ്യം ചെയ്യുന്നുണ്ട്. 'ഇസ്തിംതാഅ്' എന്ന പദത്തിന് 'ഉപയോഗപ്പെടുത്തി'

എന്ന അർത്ഥം ശരിയല്ലെന്നാണ് ലേഖകൻെറ കണിശമായ വാദം. അതിൽ മത്സരിക്കാനുള്ള പാണ്ഡിത്യം എനിക്കില്ല. കെ. എൻ. എം. പ്രസിദ്ധീകരിച്ച അമാനി മൗലവിയുടെ സംപുഷ്ടമായ സഫ്സീർ ഞാൻ നോക്കി. അദ്ദേഹം 'ഉപയോഗപ്പെടുത്തി' എന്നു തന്നെയാണ് അർത്ഥം നൽകിയിട്ടുള്ളത്. 50 വർഷങ്ങളായി പ്രചരിക്കുന്ന ഉമർ മൗലവിയുടെ പരിഭാഷയിലും അതുതന്നെ അർത്ഥം. 'പ്രസ്ഥാനത്തിൻെറ എളിയ പ്രവർത്തകന്' ഇത്ര വലിയ അറിവ് എവിടെന്ന് കിട്ടി? ലേഖകൻെറ പാണ്ഡിത്യത്തിൻെറ അപാരതയിൽ വേണ്ടത്ര വിശ്വാസമില്ലാത്തതിനാലും (ഡോക്ടറുടെ മേൽ വ്യാജാരോപണം നടത്തിയതുതന്നെ ഒരു കാരണം) മറ്റു വിവർത്തനകർത്താക്കളെയും അത് പരിശോധിച്ച മഹാനായ കെ. എം. മൗലവിയെപ്പോലുള്ളവരെയും വിശ്വാസമുള്ളതുകൊണ്ടും ലേഖകൻെറ വാദം നിരാകരിക്കാതെ നിവൃത്തിയില്ല.

'സുഖമെടുത്തു'-'ആസ്വദിച്ചു' എന്ന ലേഖകൻെറ അർത്ഥം തള്ളുന്നില്ല. പക്ഷെ ആസ്വദിക്കാൻ ഒരനുഭവം വേണ്ടേ? സുഗന്ധം ആസ്വദിച്ചു എന്നു പറയുമ്പോൾ മൂക്ക് അതനുഭവിക്കണം. ആ കാഴ്ചയിൽ സുഖമെടുത്തു എന്നു പറഞ്ഞാൽ കാഴ്ച കാണണം. ഏതൊരു ആസ്വാദനവും അനുഭവത്തിലൂടെയാണ്. അപ്പോൾ മനുഷ്യൻെറയും പിശാചിൻേറയും ഇടയിലുള്ള ആസ്വാദനം ചില അനുഭവങ്ങളിലൂടെ ആകാമല്ലോ.

"മനുഷ്യരിൽ നിന്നു തന്നെയുള്ള അവരുടെ മിത്രങ്ങളാണ്" എന്നത്രെ മറ്റൊരു ശാഠ്യം. ഇത് ഖുർആൻെറ വ്യക്തമായ പ്രയോഗത്തിന് കടകവിരുദ്ധമാണ്. 'ഹേ, ജിന്നു സമൂഹമേ' എന്നാണ് അല്ലാഹുവിൻെറ സന്നിധിയിൽ നിന്നുള്ള വിളി. "അപ്പോൾ മനുഷ്യരിൽ നിന്നുള്ള അവരുടെ മിത്രങ്ങൾ പറയും" എന്ന് പിന്നീട് കാണുന്നു. ഈ പ്രയോഗം ജിന്നു പിശാചുക്കളുടെ മിത്രങ്ങളായ മനുഷ്യർ തന്നെയാണെന്ന് തിരിച്ചറിയാൻ അഗാധമായ അറബി പാണ്ഡിത്യമൊന്നും വേണ്ടതില്ല. മേൽ പറഞ്ഞ പരിഭാഷകളിലും ഇപ്രകാരം തന്നെയാണുള്ളത്. അതിനാൽ ലേഖകൻെറ അതിരുവിട്ട ഈ വാദം നിഷ്ക്കരുണം നിരാകരിക്കാനേ നിവൃത്തിയുള്ളൂ.

"ഉപകാരത്തേക്കാൾ ഉപദ്രവം ചെയ്യുന്നവരായ ഇവർ എത്ര ചീത്ത സഹായികൾ! എത്ര ചീത്ത കൂട്ടുകാർ!" സൂറഃ ഹജ്ജിലെ ഈ വചനമാണ് ഡോക്ടർക്ക് നേരെയുള്ള ലേഖകൻെറ മറ്റൊരായുധം. "സഹായികൾ എന്ന വ്യാജേന വന്ന് വളരെ വേഗത്തിൽ വലിയ ഉപദ്രവമേൽപ്പിച്ച് ഈ ജിന്നു പിശാചുക്കൾ എത്ര ചീത്ത സഹായികൾ! എത്ര ചീത്ത കൂട്ടുകാർ എന്നായിരിക്കാം വിവക്ഷ" എന്നത്രെ ലേഖകൻെറ വ്യാഖ്യാനം. എങ്ങനെ വ്യാഖ്യാനിച്ചാലും ശാരീരികമോ കായികമോ ആയി പിശാചിന് മനുഷ്യനെ സഹായിക്കാനാവും എന്ന് ഇതിൽ നിന്നും വ്യക്തമല്ല എന്നും അദ്ദേഹം പറയുന്നു. ഇവിടെ 'സഹായിക്കാനാവും, എന്നു മാത്രം പ്രയോഗിച്ചു മതിയാക്കിയതെന്ത്? ഉപദ്രവിക്കാനാകും എന്നദ്ദേഹം സമ്മതിക്കുന്നു. ഉപദ്രവിക്കാൻ കഴിയുന്നവർക്ക് ചിലപ്പോൾ സഹായിക്കാനും കഴിയുമല്ലോ. ഈ പൊതു തത്വം എന്തിനാണു തള്ളുന്നത്?

അല്ലാഹുവല്ലാത്ത ആരാധ്യ വസ്തുക്കൾക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിയുകയില്ലെന്നതിന് അഞ്ചു ആയത്തുകൾ രേഖയായി വെക്കുന്നുണ്ട്. ഇതോടൊപ്പം മറ്റൊരു വാദവും! 'സുലൈമാൻ നബിയോട് ബിൽഖീസിന്റെ സിംഹാസനം ഞൊടിയിടകൊണ്ട് എത്തിക്കാമെന്ന് പറഞ്ഞ ഇഫ്രീത്തിന്റെ വാക്കുകൾ ഇതിനു തെളിവല്ല' എന്നു പറഞ്ഞുകൊണ്ട് തുടരുന്നു. 'അത് സുലൈമാൻ(അ)ക്ക് അല്ലാഹു കൊടുത്ത ദിവ്യശക്തിയാണ്' എന്തൊരത്ഭുതം! ഇഫ്രീത്തിനെ നബിയാക്കി മാറ്റിയോ? അഥവാ നബിയെ ഇഫ്രീത്താക്കി ചിത്രീകരിക്കുകയോ?! തികഞ്ഞ വിഡ്ഢിത്തം എന്നു മാത്രം പറഞ്ഞു അത് മതിയാക്കാം.

'ഒരു ഉപകാരവും ഉപദ്രവവും ചെയ്യാത്ത' എന്ന പ്രയോഗത്തിന്റെ ആന്തരീകാർത്ഥം ശ്രദ്ധിക്കാത്ത കുഴപ്പമാണിത്. മനുഷ്യന്റെ ആരാധ്യവസ്തുക്കളിൽ കുപ്രസിദ്ധിനേടിയ വസ്തുവാണ് അഗ്നി. ഇതിന് ഭരണാധിപത്യത്തിന്റെ പിന്തുണയുമുണ്ടായി. എന്നാൽ അഗ്നികൊണ്ട് മനുഷ്യന് എത്രയോ ഉപകാരങ്ങൾ! അതുപോലെ ഉപദ്രവങ്ങളും. വെള്ളം, വായു, സൂര്യൻ, പശു, പാമ്പ് തുടങ്ങിയ അനേകം വസ്തുക്കളും ഇതുപോലെ ആരാധിക്കപ്പെടുന്നു. എല്ലാറ്റിനും ഉപദ്രവവും ഉപകാരവും ഉണ്ട്. അതുപോലെ പിശാചിന് ഉപദ്രവമേൽപിക്കാൻ കഴിയുമെന്ന് ലേഖകനും സമ്മതിക്കുന്നു. അതുകൊണ്ടു തന്നെ അദ്ദേഹം തെളിവിലേക്ക് കൊണ്ടുവന്ന വചനങ്ങൾ തന്റെ വാദത്തിന് പര്യാപ്തമാകുന്നില്ല. വിഗ്രഹപൂജയുടെ നിരർത്ഥകതയെ ശ്രദ്ധിപ്പിക്കുകയാണ് ഇവിടെ ഉദ്ദേശ്യമെന്ന് ആയത്തുകളുടെ പശ്ചാത്തലം വ്യക്തമാക്കുന്നു. പൊതുവായി പറഞ്ഞാൽ ഉപകാര-ഉപദ്രവങ്ങളുടെ ശാശ്വതത്വം ആണ് സൂചന. ഈ ശാശ്വതാവസ്ഥ മറ്റു ആരാധ്യ വസ്തുക്കൾക്കില്ല.

ഒരു കാര്യം കൂടി, ഉപകാരത്തെയാണല്ലോ ലേഖകൻ നിഷേധിക്കുന്നത്. 'ഉപകാരത്തേക്കാൾ ഉപദ്രവം ചെയ്യുന്ന...' എന്ന വചനം അതിന് തെളിവല്ല. ഇതു സംബന്ധമായി വന്ന മറ്റു വചനങ്ങളിൽ നിന്നും വ്യത്യസ്ഥമായ ഈ ഒരു പ്രയോഗം ചിന്തിക്കുന്നവർക്ക് പ്രത്യേകം ശ്രദ്ധിക്കാൻ തക്കവണ്ണമാണ്. ഇവിടെ മാത്രമേ ഖുർആൻ ഇങ്ങനെ പ്രയോഗിച്ചിട്ടുള്ളൂ. വ്യക്തമാക്കി പറയാതെ ഒരു സൂചനകൊണ്ട് മതിയാക്കുകയാണിവിടെ. ദുർബ്ബലമായ വിശ്വാസികൾ 'ഉപകാര'ത്തിന്റെ പിറകേ പരക്കം പായാതിരിക്കാൻ വേണ്ടിയായിരിക്കാം സൂചനകൊണ്ട് മതിയാക്കിയത് എന്ന് അനുമാനിക്കാം. (അല്ലാഹു അഅ്ലം)

മദ്യനിരോധത്തിന്റെ വചനത്തിലും ഇത്തരം പ്രയോഗമുണ്ടല്ലോ. അവിടെ ഇതിനേക്കാൾ വ്യക്തമാണ്. ഉപകാരത്തേക്കാൾ എന്ന ശൈലി 'ഉപകാരമില്ല' എന്ന ദൃഢമായ വ്യാഖ്യാനത്തിന് വേണ്ടി ഉപയോഗിക്കുന്നത് ഏതൊരു ഭാഷാരീതിയോടും അനുവർത്തിക്കാവുന്ന ഒന്നല്ല. പിചാചിന് അദൃശ്യമറിയാൻ കഴിവുണ്ടെന്ന് ഡോക്ടർ സ്ഥിരീകരിച്ചതായി ആരോപിച്ചുകൊണ്ട് ലേഖകൻ

എഴുതിക്കൂട്ടിയ ഒരുപാട് അസംബന്ധങ്ങൾക്ക് മറുപടി അർഹിക്കുന്നില്ല. പിശാചിന് മനുഷ്യനിൽ പ്രയോഗിക്കാൻ തക്ക കഴിവുകൾ ഉണ്ട് എന്നത് ഖുർആൻ നൽകിയ പാഠമാണ്. ആ വിശ്വാസം എങ്ങനെ ശിർക്കാകും. അത്തരം കഴിവിനെ ആദരിച്ചുകൊണ്ട് അവനെ ആരാധിക്കുകയും സേവിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമ്പോഴാണ് ശിർക്ക് വരുന്നത്. അനുസരണം പോലും ശിർക്കായി പറഞ്ഞിട്ടില്ല. അനുസരിക്കപ്പെടുന്ന വിഷയത്തിൻെറ അടിസ്ഥാനത്തിലാണ് അവിടെ ഫലം ഉരുത്തിരിയുന്നത്. പിശാചിൻെറ ഉപദ്രവത്തിൽ നിന്ന് രക്ഷലഭിക്കാൻ അല്ലാഹുവിനോട് സദാപ്രാർത്ഥിക്കുവാനാണ് മനുഷ്യനെ പഠിപ്പിക്കുന്നത്. ഇവിടേയാണ് തൗഹീദിൻെറ ശോഭ പ്രകടമാകുന്നത്.

'സിഹ്ർ' മഹാപാപമായി പറഞ്ഞതും സിഹ്റ് ചെയ്യുന്നവൻ കാഫിറാകുമെന്ന് മുന്നറിയിപ്പു നൽകിയതും അർത്ഥവത്താണ്. ദോഷഫലങ്ങൾ അതിനുണ്ട് എന്നതുകൊണ്ടാണ് ഇപ്രകാരം അത് ഗൗരവമാക്കിയിരിക്കുന്നത്. വെറും തട്ടിപ്പും സൂത്രവുമാണെങ്കിൽ ഇത്ര വലിയ ശിക്ഷ നല്കേണ്ടതില്ലല്ലോ. അതിനും പരിഹാരം നിരന്തരമായ റബ്ബിനോടുള്ള പ്രാർത്ഥന തന്നെ. പ്രാർത്ഥന അല്ലാഹുവിനോടു മാത്രം എന്ന സത്യസുന്ദരവും നിത്യസുന്ദരവുമായ ആദർശ മഹത്വമാണ് ഈ ഗവേഷണ-നിഗമനങ്ങളിലൂടെ ഡോക്ടർ കാഴ്ചവെക്കുന്നതെന്ന് അപകർഷതാബോധം ഏറ്റിട്ടില്ലാത്ത, മുൻവിധിയുടെ വാശിയുമായി കഴിയാത്ത, വസ്തുതകളെ യഥാവിധി വിശകലനം ചെയ്യാൻ ധൈര്യക്കുറവില്ലാത്ത ഏതൊരു ശുദ്ധഹൃദയനും ഗ്രഹിക്കാവുന്നതാണ്.

തഖ്ലീദിന് ഇസ്ലാമിൽ സ്ഥാനമില്ലെന്ന് ഘോഷിച്ചുകൊണ്ട്, തൗഹീദിന് വേണ്ടി തൂലികയും ആയുധവുമേന്തി, ത്യാഗമനുഷ്ഠിച്ച് ലോകത്തിൻെറ ആദരവിന് അർഹനായിത്തീർന്ന മഹാനായ ഇബ്നു തൈമിയ്യ(റ)യെപ്പോലും ചില വ്യാഖ്യാനങ്ങളുടെ പേരിൽ പരിഹസിക്കാനും പുച്ഛരിക്കുവാനും ശ്രമിച്ച ആ ഔദ്ധത്യം ഇസ്ലാഹീ പ്രവർത്തകരിലെ എളിയവർക്കും വലിയവർക്കും ഭൂഷണമല്ല. ബഹുമാന്യനായ ഡോക്ടർ അവർകളെ അവഹേളിക്കാൻ ശ്രമിച്ച ഈ ലേഖനം പ്രസിദ്ധീകരിക്കുന്നതിൽ ഡോക്ടറുടെ ആത്മമിത്രമായ ഉമർ മൗലവി സാഹിബ് കാണിച്ച ആത്മസംയമനം ആദരണീയമാകുന്നു. വിമർശകരോട് ഇതിലേറെ വിട്ടുവീഴ്ച്ച പത്രരംഗത്ത് ആർക്കും കഴിയുമെന്ന് തോന്നുന്നില്ല. നമ്മുടെ വിമർശകനും സൽസബീലിന് അഭിനന്ദനങ്ങൾ നൽകുന്നു.

സത്യം ഗ്രഹിക്കുക. അതായിരിക്കട്ടെ എല്ലാവരുടെയും പരമമായ ലക്ഷ്യം. പരിശുദ്ധമായ ലക്ഷ്യത്തിലേക്ക് എത്തിച്ചേരാനുള്ള മാർഗങ്ങളും പരിശുദ്ധമായിരിക്കട്ടെ. പ്രാർത്ഥന അല്ലാഹുവിനോട് മാത്രം.